ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത്. മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങളായ അഞ്ചുവർഷത്തേക്കായുള്ള വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായുള്ള ഒരു ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(സി) മാവേലി സ്റ്റോറുകളില്ലാത്ത 56 പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളുമായി സപ്ലൈകോ ഹെഡ് ആഫീസിൽനിന്നും താലൂക്ക്തല ആഫീസുകളിൽ നിന്നും കത്തിടപാടുകൾ നടത്തിവരുന്നുണ്ട്. ഇതിൽ 10 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുടങ്ങുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

(ഡി) ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 56 പഞ്ചായത്തുകളിലൊഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നതിനാലും 56 പഞ്ചായത്തുകളിലെ സാധ്യമായ മിക്ക സ്ഥലങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതിനാലും ഭൂരിഭാഗം ജനങ്ങൾക്ക് സബ്സിഡി നിരക്കിലുള്ള അവശ്യസാധനങ്ങൾ ലഭ്യമാകുന്നുണ്ട്. ഇത് പൊതുവിപണിയിലെ വിലവർദ്ധനവ് ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വളരെ സഹായകമാണ്.

മാവേലി ഹോട്ടലുകൾ

252 (1309) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാവേലി ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര എണ്ണം പ്രവർത്തനം അവസാനിപ്പിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) എത്ര എണ്ണം ഇപ്പോഴും പ്രവർത്തനം നടത്തിവരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഹോട്ടലുകളിലെ വില നിലവാരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-ൽ സംസ്ഥാനത്ത് 52 മാവേലി ഹോട്ടലുകൾ ആരംഭിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ ഒരു മാവേലി ഹോട്ടലും പ്രവർത്തിക്കുന്നില്ല.

(സി&ഡി) ബാധകമല്ല.

തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച റേഷൻകാർഡ് ഉടമകൾ

253 (1310) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച എത്ര റേഷൻ കാർഡ് ഉടമകളെ ഇതുവരെ കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര ബി.പി.എൽ. കാർഡ് ഉടമകളെ എ.പി.എൽ. കാർഡുടമകളാക്കി മാറ്റിയെന്ന് വെളിപ്പെടുത്താമോ ;

(സി) തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ജീവനക്കാർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻകാർഡ് പുതുക്കുന്നതിനുള്ള സത്യവാങ്മൂലം സമർപ്പിക്കേണ്ട ഫോമുകൾ 1-1-2015 മുതൽ മാത്രമെ വിതരണം നടത്തുകയുള്ളൂ.

(ബി&സി) ബാധകമല്ല.

പട്ടാമ്പി മണ്ഡലത്തിൽ മാവേലി സ്റ്റോർ

254 (1311) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ, തിരുവേഗപ്പുറയിൽ വിളത്തൂർ, കൊപ്പം കീഴ്മുറി, വല്ലപ്പുഴ-ചെറുകോട് ഇവിടങ്ങളിൽ മാവേലി സ്റ്റോർ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly